(ബി) 2005 ഒക്ടോബറിൽ പേരൂർക്കടയിൽ പൈപ്പ് പൊട്ടി .തിരുവനന്തപുരം നഗരത്തിലെ വിവിധ ഡിവിഷനുകളിൽ വെള്ളം കിട്ടാതായ സംഭവം ഉണ്ടായിട്ടുണ്ടോ;

(സി) ഈ സ്ഥാനത്ത് ഭൂമിക്ക് മുകളിൽ ലീക്കുണ്ടായപ്പോൾ തന്നെ വിവരം വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നോ; ഈ വിവരം ലഭിച്ച് എത്ര കാലത്തിനു ശേഷമാണ് അവിടെ പൈപ്പ് പൊട്ടി വെള്ളം കിട്ടാതായത്;

(ഡി) ചാക്കയിൽ 2005 ൽ പൈപ്പ് പൊട്ടിയ വിവരം വാട്ടർ അതോറിറ്റിക്ക് അറിവ് കിട്ടിയതെന്നാണ്; ഇവിടെ പൈപ്പിന്റെ തകരാർ തീർത്തതെന്നാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിവതും ഉടനെ പരിഹരിക്കാറുണ്ട്. എന്നാൽ പൈപ്പ് കിടക്കുന്ന സ്ഥലം, ആഴം, പൈപ്പിന്റെ വ്യാസം എന്നിവയ്ക്കനുസരിച്ച് ലീക്ക് പരിഹരിക്കുന്നതിന് ചില സന്ദർഭങ്ങളിൽ കാലതാമസം ഉണ്ടാകാറുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സ്ഥലത്തുള്ള 2 പൈപ്പുകളിൽ ഒന്നിനാണ് ലീക്കുണ്ടായത്. ലീക്ക് ഉണ്ടായപ്പോൾ തന്നെ വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ചെറിയ തോതിലുള്ള ഈ ലീക്ക്മൂലം ജലവിതരണം തടസ്സപ്പെട്ടിരുന്നില്ല. സാധാരണ നടപടി ക്രമങ്ങൾ പാലിച്ച് ടെന്റർ ചെയ്ത് ഏകദേശം 4 മാസങ്ങൾക്കുശേഷമാണ് പ്രസ്തുത ലീക്ക് പരിഹരിച്ചത്. ഈ ലീക്ക് പരിഹരിച്ചശേഷം പ്രസ്തുത പൈപ്പിനോട് ചേർന്നുപോകുന്ന 400 മി. മീറ്റർ വ്യാസമുള്ള പ്രിമോ പൈപ്പ് പൊട്ടിയാണ് നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം മുടങ്ങിയത്. എന്നാൽ പൊട്ടിയ പൈപ്പ് മാറ്റി അന്നുതന്നെ പ്രശ്നം പരിഹരിച്ച ജലവിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ഡി) ചാക്ക പാലത്തിനടിയിൽ പൈപ്പ് പൊട്ടിയ വിവരം 2-4-2005 ൽ വാട്ടർ അതോറിറ്റിക്ക് ലഭിച്ചു. ഉടൻതന്നെ പണി ആരംഭിക്കുകയും 45 ദിവസത്തെ അശ്രാന്ത പരിശ്രമത്താൽ ഭാഗികമായി പരിഹരിക്കുകയും ചെയ്തു. എന്നാൽ ചാക്ക എയർപോർട്ട് റോഡിലുള്ള പാലത്തിന്റെ അബട്ട്മെന്റിലെ ചോർച്ച ശാശ്വതമായി പരിഹരിക്കുന്നതിന് പ്രസ്തുത റോഡ് കുറുകെ മുറിക്കേണ്ടതായിട്ടുണ്ട്. പാരലൽ റോഡിൽ പണിയുന്ന പാലം പൂർത്തിയായി അതുവഴി ഗതാഗതം തിരിച്ചു വിട്ടശേഷം മാത്രമേ പ്രസ്തുത റോഡ് മുറിച്ച് ചോർച്ച തീർക്കാൻ സാധിക്കുകയുള്ളൂ.

എൽ.ഐ.സി. സഹായത്തോടെയുള്ള കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി

55 [512] ശ്രീ.കെ.പി.സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ എൽ.ഐ.സി. സഹായത്തോടെയുള്ള എളേരിയും സമീപ ഗ്രാമങ്ങളും ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയിൽ ഏതൊക്കെ പ്രവർത്തികൾ ഇതിനകം പൂർത്തിയായിട്ടുണ്ടെന്നും മറ്റ് പ്രവർത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണെന്നും എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്നും ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) കാസറഗോഡ് ജില്ലയിലെ എൽ.ഐ.സി. സഹായത്തോടെ നടപ്പിലാക്കി വരുന്ന വെസ്റ്റ് എളേരിയും സമീപ ഗ്രാമങ്ങളും ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയുടെ മുഖ്യ ഘടകങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി താഴെ പറയും പ്രകാരമാണ്:

1. കിണർ, പമ്പ് ഹൗസ്-45% പണി പൂർത്തിയായി.

2. റോ വാട്ടർ പമ്പിംഗ് മെയിൻ (250 mm DIK9 1665 മീറ്റർ) - സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ വർക്ക് ചെയ്യാനുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (150 mm DIK9 1150 മീറ്റർ) - സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ വർക്ക് ചെയ്യാനുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ശുദ്ധീകരണശാല (4.50 എം. എൽ. ഡി. കപ്പാസിറ്റി) വർക്ക് ടെന്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വിതരണ ശൃംഖല- വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

6. ഭൂതല സംഭരണി (4.94 ലക്ഷം ലിറ്റർ കപ്പാസിറ്റി (എളേരിതട്ട്) പണി പൂർത്തീകരിച്ചു.

7. ഭൂതല സംഭരണി (10.68 ലക്ഷം ലിറ്റർ കപ്പാസിറ്റി) പ്രവൃത്തി ടെന്റർ ചെയ്തിട്ടുണ്ട്.

8. പമ്പ്സെറ്റ്, പവർ കണക്ഷൻ - വർക്ക് ഏർപ്പെടുത്തേണ്ടതുണ്ട്.

(ബി) പദ്ധതിയുടെ ഒറിജിനൽ അടങ്കൽ തുക - 781 ലക്ഷം രൂപ റിവൈസ്ഡ് അടങ്കൽ തുക 1335.18 ലക്ഷം രൂപ എൽ. ഐ. സി. യിൽ നിന്നും 204.16 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ പീരുമേട് താലൂക്കിലെ പദ്ധതികൾ

56 [513] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ നടപ്പിലാക്കിയവയും നടപ്പിലാക്കാനുള്ളതും, പണികൾ നടന്നു വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇതിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും ഇനി പൂർത്തീകരിക്കാനുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly